# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4529** **13.11.2019-ലെ മറുപടി**

## മണ്ണാർക്കാട് മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | 2016-17, 2017-18, 2018-19 കാലഘട്ടത്തിൽ മണ്ണാർക്കാട് മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | എ)& ബി) | 2016-17, 2017-18, 2018-19 കാലഘട്ടത്തിൽ മണ്ണാർക്കാട്-തെങ്കര ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി ഒന്നാം ഘട്ടത്തിന് അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 7 ദശലക്ഷം ജലശുദ്ധീകരണശാല, കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിങ് മെയിൻ എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തി 08.03.2018 ന് പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 571.30 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്.<br>മേൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയ 240 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ ക്ലിയർ പമ്പിങ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചു വൈദ്യുതി ബോർഡിന്റെ അനുമതി ലഭ്യമാക്കി കണക്ഷൻ എടുത്ത് ഈ വർഷം അവസാനം പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.<br>നീതി ആയോഗിൽ ഉൾപ്പെടുത്തി അട്ടപ്പാടി നരസിമുക്കിൽ ഫ്ലൂറൈഡ് ബാധിത പ്രദേശത്ത് കുടിവെള്ള വിതരണത്തിനായി 117 ലക്ഷം രൂപ മുടക്കിയ പ്രവൃത്തി പൂർത്തീകരിച്ചു.<br>നബാർഡിൽ ഉൾപ്പെടുത്തി അഗളിയും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള വിതരണത്തിനായി 2500 ലക്ഷം രൂപയുടെ ഇൻടേക്ക് വെൽ പമ്പ് ഹൗസ്, 12 എം.എൽ.ഡി. ശുദ്ധീകരണശാല, 5 എൽ.എൽ. പമ്പ് ഹൗസ്, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ മെയിൻ, പമ്പ് സെറ്റ് ട്രാൻസ്ഫോർമർ തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രവൃത്ത് 05/2020 ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |
| ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്നും ഭരണാനുമതി ലഭിച്ച് പണി പൂർത്തിയാക്കിയ പദ്ധതികളുടെ വിശദവിവരവും നൽകാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ